# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 5991 - 02/04/2018 -ലെ മറുപടിക്ക്

## വിദേശ സഹായത്തോടെയുള്ള പദ്ധതികൾ

**ചോദ്യം** | **ഉത്തരം**

ശ്രീ. അടൂർ പ്രകാശ്

ശ്രീ.കെ.എൻ.ബാലഗോപാൽ
(ധനകാര്യ വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| ഈ സർക്കാർ അധികാരമേറ്റ ശേഷം 2016-17 കാലയളവിൽ വിദേശ സഹായത്തോടെ നടപ്പാക്കിയ പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിക്കാതെ വന്നത് ഏതൊക്കെ ആയിരുന്നുവെന്ന് വിശദമാക്കുമോ? | 2016-17 കാലയളവിൽ വിദേശ സഹായത്തോടെ നടപ്പാക്കിയ പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിക്കാതെ വന്ന പദ്ധതികൾ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

Ravi S

സെക്ഷൻ ഓഫീസർ

**2016-17 കാലയളവിൽ വിദേശസഹായത്തോടെ നടപ്പാക്കിയ പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാതെ വന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.**

| | |
|---|---|
| **കെ.എസ്.യു.ഡി.പി മുഖേന നടപ്പിലാക്കിയ പദ്ധതികളിൽ പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികളുടെ വിവരങ്ങൾ** | |
| 1 | കൊല്ലം – കെ.എൽ.എം.എസ്.ഡബ്ല്യു – 01-എ : ഖരമാലിന്യ സംസ്കരണ പദ്ധതി – കമ്പോസ്റ്റ് പ്ലാന്റ് |
| 2. | കൊല്ലം – കെ.എൽ.എം.എസ്.ഡബ്ല്യു – 01-ബി : ഖരമാലിന്യ സംസ്കരണ പദ്ധതി – ലാൻഡ് ഫിൽ |
| 3. | കൊല്ലം – കെ.എൽ.എം. എസ്.ഡബ്ല്യു – 01-സി : ഖരമാലിന്യ സംസ്കരണ പദ്ധതി – അടിസ്ഥാന സൗകര്യ വികസനം |
| 4. | കൊച്ചി – ഡബ്ല്യു.എസ്.01 – ജലസംസ്കരണ പ്ലാന്റ് പുനർനിർമാണം |
| 5. | കൊച്ചി – ഡബ്ല്യു.എസ്.03 – എസ്.എ. റോഡിൽ ജല വിതരണവും സർവ്വീസ് കണക്ഷനും |
| 6. | തൃശ്ശൂർ - എസ്. ഡബ്ല്യു .01 –ഖര മാലിന്യ പദ്ധതി – കമ്പോസ്റ്റ് പ്ലാന്റ് ലാൻഡ് ഫിൽ |
| 7. | കോഴിക്കോട് – എസ്.എസ് – 03 എ – മലിനീകരണ ശുദ്ധീകരണ പദ്ധതി – ഭൂ വികസനവും അപ്രോച്ച് റോഡ് നിർമ്മാണവും. |
| 8. | കൊല്ലം – എസ്.എസ് -01- വാടി, കരുമാടി, ഇരുമ്പുപാലം എന്നിവിടങ്ങളിൽ നിലവിലുള്ള സിവറേജ് നെറ്റ് പൊതുജനത്തിന് ഉപയോഗിക്കാനായി പുതിയതായി ലൈൻ സ്ഥാപിക്കുക. |
| 9. | കൊല്ലം – എസ്.എസ് -02- താമരക്കുളം, ആശ്രാമം സൗത്ത് എന്നിവിടങ്ങളിൽ നിലവിലുള്ള സിവറേജ് നെറ്റ് വർക്ക് – പൊതുജനത്തിന് ഉപയോഗിക്കത്തക്ക രീതിയിൽ പുതിയ സിവറേജ് ശൃംഖല സ്ഥാപിക്കൽ. |
| 10. | കോഴിക്കോട് – എസ്.എസ് – 03 – ബി – എസ്.ബി.ആർ സാങ്കേതിക വിദ്യ ഉപയോഗിച്ച് 13 എം.എൽ.ഡി.എസ്.റ്റി.പി. നിർമ്മാണം |
| 11. | തിരുവനന്തപുരം എസ്.എസ് 01 – പേട്ട, ചാക്ക, കടകംപള്ളി എന്നിവിടങ്ങളിൽ സിവറേജ് സംവിധാനം ദീർഘിപ്പിക്കൽ |
| 12. | തിരുവനന്തപുരം എസ്.എസ് 02 – വലിയതുറ, വള്ളക്കടവ്, ശംഖുമുഖം, വെട്ടുകാട്, കണ്ണാംതുറ എന്നിവിടങ്ങളിൽ സിവറേജ് നെറ്റ് വർക്കും പമ്പിംഗ് സ്റ്റേഷനും സ്ഥാപിക്കൽ |

| | |
|---|---|
| 13. | കോഴിക്കോട് — എസ്.എസ് — 02 എ — കോഴിക്കോട് സിവറേജ് സ്കീം — സോൺ ബിയിൽ സിവറേജ് നെറ്റ് വർക്ക് — കിണറുകൾ, പമ്പിംഗ് സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം |
| 14. | കോഴിക്കോട് — എസ്.എസ് — 02 —ബി- സിവറേജ് സിസ്റ്റം സോൺ ബി യിൽ സിവറേജ് സിസ്റ്റം ദീർഘിപ്പിക്കൽ |
| 15. | കൊച്ചി എസ്.എസ് 02. കൊച്ചി കോർപ്പറേഷനിൽ രണ്ടാം ഘട്ട സിവറേജ് നിർമ്മാണം സോൺ 4, പടിഞ്ഞാറെ കൊച്ചി 6 സോൺ |
| 16. | കൊച്ചി എസ്.എസ് 02 എ കൊച്ചി കോർപ്പറേഷൻ സോൺ 4,6 എന്നിവിടങ്ങളിൽ പമ്പ് ഹൗസുകൾ, ഇലക്ട്രിക്, മെക്കാനിക്കൽ പ്രവൃത്തികൾ ഉൾപ്പടെ നിർമ്മാണം |
| 17. | കൊച്ചി എസ്.എസ് 03 — കൊച്ചി കോർപ്പറേഷൻ - പടിഞ്ഞാറെ കൊച്ചി സോൺ 3,8,9 എന്നിവയിൽ സിവറേജ് നിർമ്മാണം. |
| 18. | കൊച്ചി എസ്.എസ്. 03 എ വെസ്റ്റ് കൊച്ചി സോൺ 3,8,9 പമ്പ് ഹൗസ്, ഇലക്ട്രിക് മെക്കാനിക്കൽ പ്രവൃത്തികൾ ഉൾപ്പടെയുള്ള നിർമ്മാണം. |
| **അസാപ് കേരള** | |
| | 27.11.2014 ലെ കരാർ പ്രകാരം എ.ഡി.ബി യുടെ വിഹിതമായി 100 മില്യൻ ഡോളറും (672 കോടി രൂപ) സംസ്ഥാന വിഹിതമായി 47 മില്യൻ ഡോളറും (328 കോടി രൂപ) ഉൾപ്പെടെ ആകെ 147 മില്യൻ ഡോളർ (1000 കോടി രൂപ) ചെലവ് വരുന്ന അസാപ എന്ന പദ്ധതി ആരംഭിക്കുകയുണ്ടായി. എ.ഡി.ബിയുടെ ലോൺ കാലാവധി അവസാനിച്ച 30.09.2020 നുള്ളിൽ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കേണ്ട 6 DLI (Disbursement Linked Indicators) കളിൽ കമ്മ്യൂണിറ്റ് സ്കിൽ പാർക്കുകളുടെ നിർമ്മാണം എന്ന DLI ഒഴിച്ച് ബാക്കി 5 DLI കളും പൂർത്തീകരിക്കുകയും, എ.ഡി.ബിയുടെ വിഹിതം പൂർണ്ണമായി ലഭിക്കുകയും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |
| **ചീഫ് എഞ്ചിനീയർ (പര്യവേഷണവും രൂപകല്പനയും) IDRB** | |
| | ലോക ബാങ്ക് സഹായത്തോടെ 2012 മുതൽ ഡാം പുനരുദ്ധാരണത്തിനു വേണ്ടി നടത്തി വരുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡ്രിപ്പ്) പദ്ധതിയുടെ വിവിധ പ്രവൃത്തികൾ 2016-17 ൽ തുടർന്നു വരുന്നുണ്ടായിരുന്നു. ഡ്രിപ്പ് ഫേയ്സ് 1 ന് 2021 വരെ കാലാവധി ഉണ്ടായിരുന്നതിനാൽ 2016-17 ൽ ഏറ്റെടുത്ത പ്രവൃത്തികൾ തുടർ കാലയളവിൽ നടത്തി വന്നിട്ടുണ്ട്. ഡ്രിപ്പ് ഒന്നാം ഘട്ടം 2021 ൽ അവസാനിക്കുകയും അതിൽ പൂർത്തിയാകാത്ത പ്രവൃത്തികൾ രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്തു നടത്തി വരുകയും ചെയ്യുന്നു. കൂടാതെ 2016-17 ൽ ആരംഭിച്ച നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ (100% grant) 8 വർഷം കാലാവധിയുള്ള (2016-2024), പ്രോജക്ടിന്റെ കീഴിൽ വിവിധ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| **കെ.എസ്.ടി.പി** | |

ലോകബാങ്ക് സഹായത്തോടെ 2403 കോടി രൂപയുടെ കെ.എസ്.ടി.പി രണ്ടാം ഘട്ട പദ്ധതിയിൽ 363 കി.മീ സംസ്ഥാന പാതകളുടെ അപ്ഗ്രഡേഷൻ പണികൾ റോഡു സുരക്ഷയ്ക്കു പ്രാമുഖ്യം നൽകി നടപ്പിലാക്കി വരുന്നു. കെ.എസ്സ്.ടി.പി യുടെ രണ്ടാം ഘട്ട പദ്ധതിയിൽ 10 പാക്കേജുകളും സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി (കഴക്കൂട്ടം മുതൽ അടൂർ വരെ) യുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 6 പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 പാക്കേജുകളിൽ 2 പാക്കേജുകൾ പൂർത്തീകരണ ഘട്ടത്തിലും, 2 എണ്ണം ആരംഭഘട്ടത്തിലുമാണ്. അതിൽ തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ റീടെൻഡർ നടത്തി പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവല്ല ടൗൺ നവീകരണം എന്ന പ്രവൃത്തി രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയതിന്റെ പണികൾ ആരംഭിച്ചിട്ടുണ്ട്.

കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ), പിലാത്തറ – പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ), ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.40 കി.മീ), ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് (40.96 കി.മീ), പൊൻകുന്നം – തൊടുപുഴ റോഡ് (50 കി.മീ), പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡ് (41 കി.മീ) എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടിയിരുന്ന പുനലൂർ-പൊൻകുന്നം റോഡ്, ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം എൻജിനീയറിംഗ് പ്രൊക്യുയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) മാതൃകയിൽ 3 പാക്കേജുകളായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2019 ജൂലൈ മാസത്തോടെ ഈ 3 പാക്കേജുകളുടെയും നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടിയുള്ള കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

തലശ്ശേരി-കളറോഡ് (28.80 കി.മീ), കളറോഡ്-വളവുപാറ റോഡ് (25.20 കി.മീ), സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി-കഴക്കൂട്ടം-തൈക്കാട്-അടൂർ റോഡിന്റെ ബി.സി ഓവർലേയും മറ്റ് റോഡ് സുരക്ഷാ പണികളും (80 കി.മീ) എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ഇവ 2019 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.